# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കൃഷിഭവനിലൂടെ വിതരണം ചെയ്ത ഉപകരണങ്ങൾ</u>

2869 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനിലൂടെ ട്രില്ലർ, മെതിയന്ത്രം, നടീൽയന്ത്രം തുടങ്ങിയ ഉപകരണങ്ങൾ ഇതുവരെ എത്ര കർഷകർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) പ്രസ്തുത ഉപകരണങ്ങൾ കർഷകർ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ഡി) നൽകിയ ഉപകരണങ്ങൾ ഇപ്പോൾ നിലവിലുണ്ടോ;

(ഇ) ഇക്കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>റബ്ബർ ഇറക്കുമതി</u>

2870 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഇറക്കുമതി മൂലം സംസ്ഥാനത്തിനുള്ളിൽ റബ്ബർ വില ഇടിഞ്ഞിട്ടുണ്ടോ;

(ബി) റബ്ബർ ഇറക്കുമതിക്കെതിരെ സംസ്ഥാന സർക്കാർ കേന്ദ്രത്തിനു നിവേദനം നൽകിയിട്ടുണ്ടോ;

(സി) നിവേദനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ ജൈവ കൃഷി</u>

2871 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാർഷിക മേഖലയിൽ സമ്പൂർണ്ണ ജൈവ കൃഷി നടപ്പിലാക്കുന്നതിന് നൂതനമായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ജൈവ കൃഷി നയം

2872 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ജൈവ കൃഷി നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നയം ആവിഷ്ക്കരിച്ചിട്ട് എത്ര കാലമായി ;

(ബി) ഈ നയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ജൈവകൃഷി സമ്പ്രദായം വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നിരോധിക്കപ്പെട്ട കീടനാശിനി</u>

2873 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

അന്യസംസ്ഥാനങ്ങളിൽ നിന്നും നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്ത് എത്തിചേരുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽ പരിശോധനാ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന പച്ചക്കറികള്‍ വിറ്റഴിക്കുമ്പോള്‍ അമിതലാഭം കൈപ്പറ്റുന്നതായി പരാതി

2874 ശ്രീ. വി. ശിവന്‍കുട്ടി
'' കെ. വി. അബ്ദുള്‍ ഖാദര്‍
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന പച്ചക്കറികള്‍ സംസ്ഥാനത്തു വിറ്റഴിക്കുമ്പോള്‍ വിലനിശ്ചയിക്കുന്നതില്‍ അമിതലാഭം കൈപ്പറ്റുന്നതായി പരാതികള്‍ സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇതു തടയാന്‍ എന്ത് നടപടിയാണ് സര്‍ക്കാര്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

രാസവളങ്ങളുടെ വിലവര്‍ദ്ധനവ്

2875 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

രാസവളങ്ങളുടെ വിലവര്‍ദ്ധനവ് പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ജനശ്രീയുടെ പ്രവർത്തനങ്ങൾ</u>

2876 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുളള 'ജനശ്രീ' യുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ജനശ്രീയുടെ ഇത്തരം ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുമോ;

(സി) ഇതിന്റെ ഭാഗമായി ജനശ്രീയ്ക്ക് എന്തെല്ലാം സഹായങ്ങൾ നൽകുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

പച്ചക്കറിയുടെ വില വർദ്ധനവ്

2877 ശ്രീ. സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്
,, വർക്കല കഹാർ
,, എ. ടി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള പച്ചക്കറി സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്നതിനെക്കുറിച്ചു എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(സി) ഓരോ വീടുകളിലും പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കേരശ്രീ പദ്ധതി</u>

2878 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര ഉല്പാദന ശേഷി വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ കർഷകർക്ക് കുറഞ്ഞ ചെലവിൽ വളവും നടീൽ വസ്തുക്കളും ലഭ്യമാക്കാൻ എന്തെങ്കിലും പുതിയ പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് നിലവിൽ സബ്സിഡി വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

നെൽകർഷകരുടെ എണ്ണവും നെൽകൃഷിയുടെ വിസ്തീർണ്ണവും കുറഞ്ഞു വരുന്നതിന് സംബന്ധിച്ച്

2879 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നെൽകർഷകരുടെ എണ്ണവും നെൽകൃഷിയുടെ വിസ്തീർണ്ണവും കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാർഷികമേഖലയുടെ സംരക്ഷണം</u>

2880 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കർഷകർക്ക് ആവശ്യമുള്ള കൃഷി യന്ത്രങ്ങൾ സൗജന്യമായി നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

വളംക്ഷാമത്തിനെതിരെ നടപടി

2881 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ നൽകിവരുന്ന രാസവളത്തിന്റെ സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കൃഷിഭവൻ മുഖേന തരിശുഭൂമി ഉപയോഗപ്പെടുത്തുന്നതിന് നടപടി</u>

2882 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജന പങ്കാളിത്തത്തോടെ കൃഷിഭവൻ മുഖേന തരിശുഭൂമി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏകോപനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കാർഷിക മൃഗസംരക്ഷണ മേഖലയിൽ കർഷകരെ ആകർഷിക്കാൻ നടപടി

2883 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക-മൃഗസംരക്ഷണ മേഖലയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കി വരുന്നത് ; വ്യക്തമാക്കുമോ ;

(ബി) ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ചവർക്ക് നിലവിൽ എന്തെല്ലാം അംഗീകാരങ്ങളാണ് നല്കിവരുന്നതെന്ന് അറിയിക്കുമോ ;

(സി) കർഷകർക്ക് അത്യാധുനിക സാങ്കേതിക പരിജ്ഞാനം പകർന്നു നല്കി കാർഷിക മൃഗസംരക്ഷണ മേഖലയിൽ ഇവരെ ഉറപ്പിച്ചു നിറുത്താൻ ഉതകുന്ന പുതിയ നയപരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമോ ;

(ഡി) ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ചവർക്ക് കൂടുതൽ അംഗീകാരവും അവാർഡു തുകയിൽ വർദ്ധനവും വരുത്തി കൂടുതൽ പ്രതിഭകളെ ആകർഷിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ ; ആയതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>കാർഷിക മേഖലയിലെ വികസന പദ്ധതികൾ</u>

2884 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനത്തിനായി 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ എന്തൊക്കെ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) കാർഷിക മേഖലയുടെ ഗുണപരമായ വളർച്ചക്ക് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പുതിയ കാർഷിക നയം</u>

2885 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ കാർഷികനയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാർഷിക നയം രൂപീകരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കാർഷിക നയത്തിൽ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക സര്‍വ്വകലാശാലയുടെ കീഴില്‍ പ്രോജക്ടുകള്‍</u>

2886 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക സര്‍വ്വകലാശാലയുടെ കീഴില്‍ ഇപ്പോള്‍ എത്ര പ്രോജക്ടുകള്‍ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വര്‍ഷത്തിനിടയില്‍ എത്ര ഗവേഷണ പ്രോജക്ടുകള്‍ സര്‍വ്വകലാശാല ഏറ്റെടുത്ത് നടത്തി പൂര്‍ത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രോജക്ടുകള്‍മൂലം ഉണ്ടായ നേട്ടങ്ങളുടെ വിശദാംശങ്ങള്‍ നല്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

നെല്ല് സംഭരണം

2887 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നെല്ല് സംഭരണം വ്യാപകവും ഫലപ്രദവുമാക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാർ സഹകരണ പ്രസ്ഥാനങ്ങളെ ചുമതലപ്പെടുത്തിയിരുന്നത് ഇപ്പോഴും തുടരുന്നുണ്ടോ ;

(ബി ഇപ്രകാരം സഹകരണ മേഖല നെല്ല് സംഭരിക്കാതിരിക്കുന്ന സ്ഥലങ്ങളിൽ കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അഗ്രികള്‍ച്ചര്‍ റിസര്‍ച്ച് ആന്റ് ട്രെയിനിംഗ് ഇന്‍സ്റ്റിറ്റ്യൂട്ട്</u>

2888 ശ്രീ. എ. എ. അസിസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഗ്രികള്‍ച്ചര്‍ റിസര്‍ച്ച് ആന്റ് ട്രെയിനിംഗ് ഇന്‍സ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്താമാക്കുമോ;

(ബി) എങ്കില്‍ എവിടെയാണ് സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) ഇത് സ്ഥാപിക്കുന്നതിനുളള പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ ഇന്‍സ്റ്റിറ്റ്യൂട്ട് മുഖാന്തിരം എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടത്താന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കൊയ്ത്തുയന്ത്രങ്ങൾ</u>

2889 ശ്രീ. സി.എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്ക് സംസ്ഥാനത്ത് ആകെ ആവശ്യമായ കൊയ്ത്തുയന്ത്രങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ആവശ്യത്തിന് കൊയ്ത്തുയന്ത്രം ഇല്ലാത്തതുമൂലം കൊയ്ത്ത് സമയത്ത് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ആവശ്യമായ കൊയ്ത്തുയന്ത്രങ്ങൾ കൊയ്ത്തു തുടങ്ങുന്നതിനുമുൻപ് വാങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉപയോഗമില്ലാത്ത സമയത്ത് ഈ കൊയ്ത്തുയന്ത്രങ്ങൾ പ്രവർത്തനക്ഷമമായി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കഴിഞ്ഞ രണ്ടുവർഷത്തെ കൃഷി സംബന്ധിച്ച വിവരം</u>

2890 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷം കേരളത്തിൽ പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നടത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിളകളാണ് കൂടുതലായി കൃഷി ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കൃഷി ചെയ്യാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് എന്തെല്ലാം നടപടികളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) കൃഷി ചെയ്യാൻ സാധിക്കുന്ന കൂടുതൽ സ്ഥലങ്ങളിൽ കൃഷി ചെയ്യിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സീഡ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ</u>

2891 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സീഡ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ;

(ബി) കേരളത്തിന്റെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിത്തിനങ്ങൾ വികസിപ്പിക്കാനും നിലവിലുള്ളവ സംരക്ഷിക്കുവാനും എന്തു പ്രവർത്തനങ്ങളാണ് സീഡ് അതോറിറ്റി നടപ്പിലാക്കുന്നതെന്നു വ്യക്തമാക്കുമോ ;

(സി) കേരളത്തിന്റെ തനതു വിത്തിനങ്ങൾക്ക് പേറ്റന്റ് നേടിയെടുക്കുന്നതിന് എന്തെല്ലാം ശ്രമങ്ങളാണ് സീഡ് അതോറിറ്റി കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകൾ</u>

2892 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകളുടെ അഭാവം നെൽകൃഷിയുടെ ഉല്പാദനത്തെയും ഉല്പാദനക്ഷമതയേയും ദോഷകരമായി ബാധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് സർക്കാർ മേഖലയിൽ സ്വീകരിയ്ക്കുന്നതെന്നുള്ള വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>

2893 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ വികാസ് യോജന (ആർ.കെ.വി.വൈ) പ്രകാരം 2010-2011 വർഷത്തേയ്ക്ക് സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചു വെന്ന് വ്യക്തമാക്കാമോ ; എത്ര രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(ബി) എന്ത് തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട് ; 2011-12 വർഷത്തേക്ക് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി

2894 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ.കെ. ലതിക
,, പി. അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി കുറഞ്ഞുവരുന്നതായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേര ഉത്പാദനക്ഷമതയിൽ കേരളത്തിന്റെ അവസ്ഥാ വിശേഷം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സംസ്ഥാന കൃഷി വകുപ്പ് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നാളികേരത്തിന് ന്യായവില ഉറപ്പാക്കാൻ ഇപ്പോൾ സാധിക്കുന്നുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കരാർ കൃഷി</u>

2895 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാർ കൃഷി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇതു നടപ്പാക്കുന്നതിന് കേന്ദ്രവുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു എന്നറിയിക്കാമോ;

(ഇ) ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിലെങ്കിലും സ്വാശ്രയ സംഘങ്ങൾക്ക് മുൻഗണന നൽകി ഇതു നടപ്പാക്കാൻ ശ്രമിക്കുമോ?

(എഫ്) ഇതിന് നബാർഡിന്റെ സഹായം തേടാനുദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കർഷകരുടെ വൈദ്യുതി ബിൽ</u>

2896 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ വൈദ്യുതി ഇളവു ലഭിക്കുന്ന കർഷകരുടെ വൈദ്യുതി ബിൽ യഥാസമയം അടച്ചു നല്കാത്തതുമൂലം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് കർഷകർക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർ നേരിട്ട് വൈദ്യുതി ബിൽ അടച്ചാൽ പ്രസ്തുത തുക അവർക്ക് റീ - ഇംബേഴ്സ് ചെയ്തു നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

2897 ശ്രീ. സി. ദിവാകരൻ
,, വി. ശശി
,, ഇ. കെ. വിജയൻ
,, വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നെല്ല് സംഭരണത്തിൽ കിലോയ്ക്ക് എത്ര രൂപ കർഷകർക്ക് നല്കുന്നുണ്ട്;

(ബി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞവിലയ്ക്ക് നെല്ല് സംസ്ഥാനത്ത് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കർഷകരുടെ നെല്ല് മുഴുവനും സംഭരിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഡി) ഈ പ്രതിസന്ധിയിൽ നിന്നും നെൽകർഷകരെ രക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഫലശ്രീ പദ്ധതി</u>

2898 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫലശ്രീ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിക്ക് കാർഷിക സർവ്വകലാശാലയുടെ വിവിധ കാമ്പസ്സിലുള്ള ഭൂമി എങ്ങനെ വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർവ്വകലാശാല എന്തെല്ലാം നൂതന വിദ്യകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് കാര്‍ഷിക പാക്കേജ് പദ്ധതികള്‍ക്ക്
ഭരണാനുമതി</u>

2899

ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുട്ടനാട് കാര്‍ഷിക പാക്കേജില്‍ ഉള്‍പ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തില്‍ ഏതെല്ലാം പദ്ധതികള്‍ക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചവയില്‍ ഏതെല്ലാം പദ്ധതികളാണ് നിര്‍മ്മാണം ആരംഭിച്ചത്;

(സി) ഇനി ഏതെല്ലാം പദ്ധതികള്‍ക്കാണ് ഭരണാനുമതി ലഭിക്കുവാനുള്ളത്; അനുമതി ലഭിക്കുവാനുള്ള പ്രോജക്ടുകള്‍ ഇപ്പോള്‍ ഏതു ഓഫീസിലാണ് ഉള്ളത്;

(ഡി) അനുമതി ലഭിക്കാനുള്ള കാലതാമസം എന്താണ്; എന്തെങ്കിലും തടസ്സങ്ങള്‍ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ജനപ്രതിനിധികള്‍ അറിയാതെ പാക്കേജുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങള്‍ വിതരണം ചെയ്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇങ്ങനെ വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ജി) അമ്പലപ്പുഴ മണ്ഡലത്തിലെ കുട്ടനാട് കാര്‍ഷിക പാക്കേജ് പ്രകാരം ആരംഭിച്ച പ്രവര്‍ത്തനങ്ങള്‍ എത്ര ദിവസത്തിനകം പൂര്‍ത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കാര്‍ഷി വായ്പ രീതിയില്‍ മാറ്റം വരുത്തുന്നതിന് നടപടി

2900 ശ്രീ.എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയുടെ പ്രവര്‍ത്തനങ്ങള്‍ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബാങ്കുകള്‍ നല്‍കുന്ന കാര്‍ഷിക വായ്പാ രീതിയില്‍ മാറ്റം വരുത്തുന്നതിന് നിര്‍ദ്ദേശം നല്‍കുമോ ;

(ബി) ഒരു ഏക്കറിന് എത്ര രൂപയാണ് ഇപ്പോള്‍ കാര്‍ഷിക വായ്പ നല്‍കുന്നത് ; ഇത് ഉയര്‍ത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) കര്‍ഷകര്‍ക്ക് പലിശ രഹിത വായ്പ നല്‍കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ ;

(ഡി) സംസ്ഥാനത്ത് രൂപീകരിച്ചിരിക്കുന്ന കാര്‍ഷിക വികസന സമിതിയുടെ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ</u>

2901 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ എല്ലാം പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>ഫലശ്രീ പദ്ധതി</u>

2902

ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷൻ മുഖാന്തിരം ഫലശ്രീ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഫലശ്രീ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>വിള ഇൻഷ്വറൻസ്</u>

2903 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം സംഭവിച്ചാൽ 'വിള ഇൻഷ്വറൻസ്' തുക കർഷകന് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി) ഭാഗീകമായി വിളനാശം സംഭവിച്ചാൽ ഇപ്പോൾ വിള ഇൻഷ്വറൻസ് തുക നൽകുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അത്തരം കർഷകർക്ക് കൂടി വിള ഇൻഷ്വറൻസ് തുക നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പൊക്കാളി കൃഷിയുടെ സംരക്ഷണത്തിനുള്ള നടപടി</u>

2904 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജൈവകൃഷിയെന്ന നിലയിൽ പൊക്കാളി കൃഷിക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും പ്രോജക്ട് തയ്യാറാക്കി പൊക്കാളി കൃഷിയുടെ സംരക്ഷണത്തിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പൊക്കാളി കൃഷി കർഷകർക്ക് ആനുകൂല്യങ്ങൾ</u>

2905 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

പൊക്കാളി കൃഷി വികസിപ്പിക്കുന്നതിന് നിലവിൽ കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നെല്‍കൃഷി വര്‍ദ്ധിപ്പിക്കുന്നതിന് നടപടി</u>

2906 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നെല്‍കൃഷി വര്‍ദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) ഇപ്പോള്‍ നെല്ലിന്റെ ഉല്‍പാദന ബോണസ്സായി എത്ര രൂപയാണ് നല്‍കുന്നത്;

(സി) പ്രസ്തുത തുകയില്‍ കാലാനുസൃതമായ വര്‍ദ്ധനവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കില്‍ എന്ത് തുകയായി വര്‍ദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നെൽകർഷകർക്ക് സാമ്പത്തിക സഹായം</u>

2907 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം വന്ന നെൽകർഷകർക്ക് നൽകിക്കൊണ്ടിരുന്ന സാമ്പത്തിക സഹായം ഉയർത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇൻഷ്വറൻസ് ഉള്ള കർഷകർക്കുകൂടി ഈ നിരക്കിൽ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

## കാർഷിക കടാശ്വാസ നിയമപ്രകാരം തീർപ്പാക്കിയ അപേക്ഷകർ

2908

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-ലെ കാർഷിക കടാശ്വാസ നിയമപ്രകാരം രൂപീകരിക്കപ്പെട്ട കടാശ്വാസ കമ്മീഷൻ മുൻപാകെ കടാശ്വാസത്തിനായി എത്ര അപേക്ഷകളാണ് നാളിതുവരെ പരിഗണനയ്ക്കു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പുകല്പിച്ച് കടാശ്വാസം അനുവദിച്ചു നൽകിയെന്നു വ്യക്തമാക്കുമോ;

(സി) പദ്ധതി മുഖേന കർഷകർക്കു എന്ത് തുകയുടെ കടാശ്വാസം ആകെ ലഭ്യമാക്കിയെന്നു വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം കാർഷിക കടാശ്വാസത്തിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കാർഷിക തൊഴിൽ സേന

2909 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക തൊഴിൽ സേനയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഏത് പ്രായക്കാർക്കാണ് കാർഷികതൊഴിൽ സേനയിൽ അംഗത്വം നൽകുന്നത് ;

(സി) ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെയാണ് കാർഷിക തൊഴിൽസേന രൂപികരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ പദ്ധതി

2910 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ബി. ഡി. ദേവസ്സി
,, എം. ഹംസ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മുൻസർക്കാർ നടപ്പാക്കി വന്ന ഭക്ഷ്യസുരക്ഷാ പദ്ധതി ഇപ്പോൾ തുടർന്നു വരുന്നുണ്ടോ ;

(ബി) ഈ പദ്ധതിയിലൂടെ നെല്ല്, പാൽ, മുട്ട തുടങ്ങിയവയുടെ ഉല്പാദനത്തിൽ എന്തു മാത്രം വർദ്ധന ഉണ്ടായി ;

(സി) പദ്ധതിയുടെ ഭാഗമായി നടപ്പുവർഷം എത്രപേർക്ക് പലിശരഹിത വായ്പകൾ നൽകും ; തരിശുഭൂമി കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങൾ നൽകും ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഏലത്തിന് തറവില നിശ്ചയിക്കുവാൻ നടപടി</u>

2911

ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏലം വിലയിടിവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏലം വിപണിയിലെ ഇടനിലക്കാരെ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഏലം വിലയിടിവ് തടയുന്നതിന് സർക്കാർ നടപ്പാക്കുവാൻ പോകുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി) ഉത്പാദന ചെലവുമായി ബന്ധപ്പെടുത്തി ഏലത്തിന് തറവില നിശ്ചയിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ പച്ചക്കറികൃഷി

2912 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി ഇത്തരം പദ്ധതികൾ വൈപ്പിൻ മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കൃഷിഭവനുകൾ വഴി വിത്തും വളവും നല്കുന്ന പദ്ധതി

2913 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ വഴി വിത്തും വളവും നല്കുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി റസിഡൻറ്സ് അസ്സോസിയേഷനുകൾ ഇല്ലാത്ത വർഡുകളിൽ ലഭ്യമാകുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>പാടശേഖര സമിതികള്‍</u>

2914

ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ പ്രവര്‍ത്തനക്ഷമമായ എത്ര പാടശേഖര സമിതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാടശേഖര സമിതികള്‍ക്ക് ജില്ലാ തലങ്ങളില്‍ ഏകോപന - നിയന്ത്രണ സംവിധാനങ്ങള്‍ നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) പാടശേഖര സമിതികള്‍, ജില്ലാ ഭരണകൂടം, കൃഷി വകുപ്പ് ഉദ്യോഗസ്ഥര്‍, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് പാടശേഖര സമിതി പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമാക്കുവാനും, പ്രകൃതിക്ഷോഭം, വിളനാശം പോലുള്ള ഗുരുതരമായ പ്രശ്നങ്ങള്‍ വരുമ്പോള്‍ അടിയന്തിര നടപടികള്‍ കൈക്കൊള്ളാനാവശ്യമായ ജില്ലാതല ഏകോപന - നിയന്ത്രണ സംവിധാനം നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാർഷിക തൊഴിൽദാന പദ്ധതി</u>

2915 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കൃഷിഭവനുകൾ വഴി എത്ര യുവാക്കൾ കാർഷിക തൊഴിൽദാന പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി പുനരുജ്ജീവിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>തോട്ടങ്ങളിലെ ഉല്പാദനക്ഷമതയും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും</u>

2916

ശ്രീ. മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലെ തോട്ടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഫാമുകളിലെ തൊഴിലാളികളുടെ സേവന വേതന നിരക്കുകൾ പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വേതനം ഉല്പാദനവുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കൃഷി വകുപ്പിന്റെ കീഴിൽ ഏതെല്ലാം ഫാമുകളാണുള്ളത്; അവയുടെ വിസ്തൃതിയും തൊഴിലാളികളുടെ എണ്ണവും സംബന്ധിച്ച വിശദ വിവരം നൽകുമോ;

(ഡി) ഇവയിൽ ആദായകരമല്ലാത്ത തോട്ടങ്ങളുണ്ടോ; എങ്കിൽ അവ ഏതെല്ലാം ;

(ഇ) ആദായകരമല്ലാത്തവയെ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 12.10.2011-ലെ മറുപടിക്ക്

കേന്ദ്ര അംഗീകാരം ലഭിച്ച കുട്ടനാട് പാക്കേജിലെ പദ്ധതികൾ

2917 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, ആർ. രാജേഷ്
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജിൽ കേന്ദ്ര അംഗീകാരം ലഭിച്ച ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനങ്ങളാണ് ഇതിനകം ആരംഭിച്ചത് ?

# കേരള നിയമസഭ

# 12.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിലുള്ള മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ</u>

2918 ശ്രീ.ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിചാൽ, ചെറുവേലിചാൽ പുഞ്ചകളിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശവും പുരോഗതിയും വ്യക്താമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

2919 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര കോടി രൂപയാണ് കേന്ദ്രം അനുവദിച്ചത് ;

(സി) അതിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര വീതം ചെലവഴിച്ചു ;

(ഡി) മാവേലിക്കരയിൽ ഈ പദ്ധതിയിൽപ്പെട്ട എന്തെല്ലാം പ്രവൃത്തികളാണ് ഇനിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

2920

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(ബി) പ്രസ്തുത പാക്കേജിന് ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

2921 ശ്രീ. ജി. സുധാകരൻ
,, സി.കെ. സദാശിവൻ
,, എ.എം. ആരിഫ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ ജലാശയങ്ങളിൽ 78 ശതമാനവും ചെളിയും മണ്ണും നിറഞ്ഞതായി ഡോ.സ്വാമിനാഥൻ ചൂണ്ടിക്കാണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നീരൊഴുക്ക് നിലച്ച് നിശ്ചലമായി മാരകരോഗങ്ങളുടെയും പകർച്ചവ്യാധികളുടെയും ഉറവിടമായിരിക്കുന്ന ജലാശയങ്ങളുടെ സമഗ്രവികസനത്തിന് കുട്ടനാട് പാക്കേജിൽ മുൻഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

പടന്നക്കാട് കാർഷിക കോളേജിന്റെ കീഴിലുള്ള ജലാശയം

2922 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിന്റെ കീഴിലുള്ള ജലാശയത്തിന്റെ വിസ്തീർണ്ണം എത്രയാണ് ;

(ബി) പ്രസ്തുത ജലാശയം ഉപയോഗപ്പെടുത്തിയുള്ള ഏതെങ്കിലും പദ്ധതി കാർഷിക സർവ്വകലാശാല ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ</u>

2923 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടയ്ക്കാ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു പാക്കേജ് നടപ്പാക്കണമെന്ന ആവശ്യത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാമാണ്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നാളീകേര ഉല്‍പ്പാദനവും  വിപണനവും</u>

2924 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നാളീകേരത്തിന്റെ ഉല്‍പ്പാദനത്തിനും വിപണനത്തിനും വൈപ്പിന്‍ മണ്ഡലത്തില്‍ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്;

(ബി പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ;

(സി) ഇതു സംബന്ധിച്ച എസ്റ്റിമേറ്റും നിര്‍ദ്ദേശവും വകുപ്പിന് കിട്ടിയിട്ടുണ്ടോ; എങ്കില്‍ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>വിദർഭ മോഡൽ കാർഷിക വികസനം</u>

2925 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദർഭ മോഡൽ കാർഷിക വികസനത്തിനായി കേന്ദ്രത്തിൽ നിന്ന് അധിക ധനസഹായം തേടുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) എന്ത് തുകയ്ക്കുള്ള അധിക സഹായമാണ് തേടിയത് ;

(സി) എതെല്ലാം ജില്ലകളിലാണ് വികസനം നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) എന്തെല്ലാം കാർഷിക വികസന പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>കാർഷിക എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കുന്നതിന് നടപടി</u>

2926 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ധാന്യോത്പാദന പുനരുദ്ധാരണത്തിനു വേണ്ടി പ്രത്യേക കാർഷിക എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കാമെന്നുള്ള നിർദ്ദേശം നടപ്പിലാക്കാൻ നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ടോ;

(ബി) 2011 ആഗസ്റ്റ് 29, 30 തീയതികളിൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) യുടെ കാർഷിക യന്ത്രങ്ങളുടെ പ്രദർശനം നടന്നതുപോലെ കൃഷിക്കാർക്കും പൊതുജനങ്ങൾക്കും അറിവുപകരുന്ന കാർഷിക യന്ത്രങ്ങളുടെ പ്രദർശനം എല്ലാ വർഷവും നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ഒരു ഗ്രാമ പഞ്ചായത്തിനെ മാതൃകാ യന്ത്രവൽകൃത ഗ്രാമമായി തിരഞ്ഞെടുത്ത് പ്രവർത്തിക്കാനുള്ള ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സിന്റെ പരിശീലന പരിപാടികൾക്കും കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനും വേണ്ട സാമ്പത്തികസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ നിരോധനം

2927 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ നിരോധനം സംസ്ഥാനത്ത് കർശനമായി നടപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി മാരകമായ ഈ കീടനാശിനി വിൽക്കുന്ന എത്ര ഏജൻസികളെ ഇതിനകം കണ്ടെത്തിയിട്ടുണ്ട് എന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>മണ്ണ് സംരക്ഷണത്തിന് കയർ ഭൂവസ്ത്രം</u>

2928

ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണൊലിപ്പ് പ്രതിഭാസമുള്ള മേഖലകളെ കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ലഭ്യമാണോ;

(ബി) മണ്ണ് സംരക്ഷണത്തിന് നിലവിൽ അനുവർത്തിച്ചു വരുന്ന രീതികൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണം എത്രത്തോളം ഫലപ്രദമാണ്; മറ്റ് മണ്ണു സംരക്ഷണ മാർഗ്ഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇതിന്റെ ചെലവ് എപ്രകാരമാണ്;

(ഡി) പരിസ്ഥിതി സൗഹൃദപരവും ചെലവുകുറഞ്ഞതുമായ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ആടുവളര്‍ത്തലില്‍ ബ്രോയിലര്‍ രീതി</u>

2929 ശ്രീ. റോഷി അഗസ്റ്റിന്‍
,, തോമസ് ഉണ്ണിയാടന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആടുവളര്‍ത്തലില്‍ ബ്രോയിലര്‍ രീതി അവലംബിച്ച് പരീക്ഷണ വിജയം നേടിയ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങള്‍ ലഭ്യമാണോ; ബ്രോയിലര്‍ രീതിയുടെ മേന്മയെന്താണ്; വിശദാംശങ്ങള്‍ നല്കുമോ;

(ബി) മതിയായ സ്ഥല സൗകര്യങ്ങള്‍ ഇല്ലാത്ത കര്‍ഷകര്‍ക്കു ബ്രോയിലര്‍ രീതി അവലംബിച്ചുള്ള ആടുവളര്‍ത്തല്‍ അഭികാമ്യമാണോ; വ്യക്തമാക്കുമോ;

(സി) ആടുവളര്‍ത്തലില്‍ പ്രസ്തുത രീതി തെരഞ്ഞെടുത്തിട്ടുള്ള കര്‍ഷകര്‍ക്ക് ഇവയുടെ വിപണന സാധ്യതകള്‍ എത്രത്തോളമാണ്;

(ഡി) ബ്രോയിലര്‍ രീതി ആരോഗ്യകരവും കര്‍ഷകര്‍ക്ക് അനുഗുണവുമെങ്കില്‍ ഇതിന് സര്‍ക്കാര്‍ തലത്തില്‍ പ്രോത്സാഹനം നല്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കര്‍ഷക പെന്‍ഷന്‍</u>

2930 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അറുപത് വയസ് കഴിഞ്ഞ എത്ര കര്‍ഷകര്‍ക്കാണ് നിലവില്‍ പെന്‍ഷന്‍ നല്‍കുന്നതെന്ന് വ്യക്തമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി എത്ര രൂപയാണ് പെന്‍ഷനായി നല്‍കുന്നത് ;

(സി) ഈ പെന്‍ഷന്‍ പദ്ധതിയില്‍ അംഗമാകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കർഷകർക്ക് സർക്കാർ പെൻഷൻ</u>

2931 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരും 60 വയസ്സ് കഴിഞ്ഞവരുമായ കർഷകർക്ക് പെൻഷൻ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പെൻഷൻ അനുവദിച്ചുകൊണ്ട് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) എത്ര രൂപയാണ് പെൻഷനായി പ്രതിമാസം നൽകുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ സർക്കാർ ഇതിനകം ഈ ഗണത്തിൽപ്പെട്ട എത്ര കർഷകർക്ക് പെൻഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ</u>

2932 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാൻ വളരെയധികം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷാമബത്ത കുടിശ്ശിക 2009 നുശേഷം നൽകിയിട്ടില്ലെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ;

(സി) 01.07.2002-നും 30.06.2004-നുമിടയിൽ വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യം 5% വർദ്ധിപ്പിച്ചുകൊണ്ടുളള 19.11.2010-ലെ 602/2010-ാമത് നമ്പർ ഉത്തരവ് ഇവിടെ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കാർഷിക സർവ്വകലാശാലയിൽ നിന്നും പെൻഷൻ പറ്റിപ്പിരിയുന്നവർക്ക് പെൻഷൻ ബുക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും പെൻഷൻ ബുക്ക് നൽകാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ;

(ഇ) ഇതരപെൻഷൻകാർക്കു നൽകുന്നതുപ്പോലെ ട്രഷറിയിൽ നിന്ന് പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്തതെന്തുകൊണ്ട്; ട്രഷറി മുഖാന്തിരം പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നെല്‍പ്പാടങ്ങളുടെ സംരക്ഷണം</u>

2933 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

നെല്‍പ്പാടങ്ങളുടെ സംരക്ഷണത്തിന് കല്‍ച്ചിറ കെട്ടുന്നതിന് വൈപ്പിന്‍ മണ്ഡലത്തില്‍ ആവിഷ്കരിച്ച പദ്ധതികളെ കുറിച്ച് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ - പ്രത്യാഘാതങ്ങൾ

2934 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ സൃഷ്ടിക്കുന്ന ആരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് പഠനം നടത്തിയ വിവരം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പഠന റിപ്പോർട്ട് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

## സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാന്റ്

2935 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേലക്കര മണ്ഡലത്തില്‍ കൃഷിവകുപ്പിനു കീഴിലുള്ള കൃഷിഫാമില്‍ സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാന്‍ തീരുമാനിച്ച സാഹചര്യം വിശദമാക്കാമോ;

(ബി) കൃഷിവകുപ്പിന്റെ അനുവാദത്തോടെയാണോ ഈ ഉത്തരവിറക്കിയതെന്നും എന്നാണ് ഉത്തരവിറക്കിയതെന്നും പറയാമോ;

(സി) ഈ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് നിര്‍ത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ;

(ഇ) ഈ പരാതിയുടെ മേല്‍ കൈക്കൊണ്ട നടപടികള്‍ എന്തെല്ലാമാണ്;

(എഫ്) ചേലക്കര കൃഷിഫാമില്‍ സംസ്ഥാന ഹോര്‍ട്ടിക്കള്‍ച്ചര്‍ മിഷന്റെ ആഭിമുഖ്യത്തില്‍ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ജി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ പറയാമോ;

(എച്ച്) ചേലക്കര കൃഷിഫാമില്‍ പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടികളും റദ്ദാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഹോർട്ടികൾച്ചർ പ്രോജക്ട്സ്

2936 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴം-പച്ചക്കറി കർഷകർക്ക് പ്രയോജനം ചെയ്യുന്നതും ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമാക്കി തൃശൂർ ജില്ലയിലെ ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് സെന്റർ ആൻഡ് കോൾഡ് ചെയിൻ ഫോർ ഹോർട്ടികൾച്ചർ പ്രോജക്ട്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) ദേശീയ ഹോർട്ടികൾച്ചർ മിഷൻ തത്വത്തിൽ അംഗീകരിക്കുകയും കേന്ദ്ര വിഹിതം വാഗ്ദാനം ചെയ്യുകയുമുണ്ടായ ഈ പദ്ധതിക്ക് ബാക്കി തുക കണ്ടെത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി- വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ വിശദമായ ചർച്ചകൾ നടത്തിയിട്ടുള്ള വിവരം അറിയുമോ;

(സി) പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് സമയബന്ധിതമായി ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി കോൾപടവിലെ വരൂരിൽ സ്ഥിര ബണ്ട്</u>

2937 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾപടവിലെ വരൂരിൽ സ്ഥിര ബണ്ട് നിർമ്മാണത്തിന് സമർപ്പിക്കപ്പെട്ട പദ്ധതിക്ക് കൃഷി വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) വരൂർ പടവിലെ സ്ഥിരം ബണ്ട് നിർമ്മാണം മൂലം രണ്ടായിരത്തോളം ഏക്കർ ഭൂമിയിലെ കൃഷി സുഗമമാകും എന്നതിനാൽ ഇതിനായി ഭരണാനുമതി നേടാൻ കൃഷി വകുപ്പ് ശ്രമിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ആനക്കയം ഗവേഷണ കേന്ദ്രത്തിൽ അക്കാഡമിക് സെന്റർ</u>

2938 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയ്ക്കു കീഴിൽ ആനക്കയം ഗവേഷണ കേന്ദ്രത്തിൽ അക്കാദമിക് സെന്റർ അല്ലെങ്കിൽ പഠനകേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളതെന്നും അതിന്റെ അഡ്മിഷൻ നടപടിക്രമങ്ങളും വിശദീകരിക്കാമോ;

(സി) ഈ ഗവേഷണ കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭാവിയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിനായി കൂടുതൽ ഫണ്ട് വകയിരുത്തുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റി

2939 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയ്ക്കായി കണ്ണൂർ ജില്ലയിലെ മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് സഹായം ലഭ്യമാക്കണമെന്നുള്ള നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് സഹായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി കോൾ ഡെവലപ്മെന്റ് ഏജൻസി</u>

2940 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ ഡെവലപ്മെന്റ് ഏജൻസി ഓഫീസിൽ (പി.കെ.ഡി.എ.) ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ സേവനം ആഴ്ചയിൽ 3 ദിവസമെങ്കിലും പ്രസ്തുത ഓഫീസിൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കഴിഞ്ഞ പുഞ്ചസീസണിൽ പൊന്നാനി കോൾ മേഖലയിൽ മോട്ടോർ റിപ്പയർ തുടങ്ങിയ ഫണ്ടുകൾ കർഷകർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ എന്ന് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

തെങ്ങ് കൃഷിയിൽ ക്ലസ്റ്റർ രീതി

2941 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ പുതുക്കാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിലധികമായി ഏഴ് പഞ്ചായത്തുകളിൽ തെങ്ങ് കൃഷിയിൽ ക്ലസ്റ്റർ രീതി വിജയകരമായി നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ മൂന്ന് വർഷത്തിലധികം പ്രവർത്തിച്ചിട്ടുളളവർക്ക് ഉൽപ്പാദന ബോണസ്സ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ് പദ്ധതി പ്രവര്‍ത്തനങ്ങള്‍</u>

2942 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുട്ടനാട് പാക്കേജില്‍ ഉള്‍പ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തില്‍ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; ഏതെല്ലാം പദ്ധതികളുടെ പ്രവര്‍ത്തനം ആരംഭിച്ചു എന്നറിയിക്കുമോ;

(ബി) കൃഷിയിടങ്ങളിലെ പുറം ബണ്ടുകള്‍ കല്ലുകെട്ടി ബലപ്പെടുത്തുന്ന പദ്ധതിയുടെ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ; അവ എന്നത്തേക്ക് പൂര്‍ത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കുട്ടനാട് പാക്കേജില്‍ അമ്പലപ്പുഴ മണ്ഡലത്തിലെ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കില്‍ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാലടി ഗ്രൂപ്പിലെ എസ്റ്റേറ്റുകളിലെ റോഡുകൾ</u>

2943 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷന്റെ അങ്കമാലിയിലെ അയ്യമ്പുഴ പഞ്ചായത്തിലെ കാലടി ഗ്രൂപ്പിലെ എസ്റ്റേറ്റുകളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും തൊഴിലാളികളുടെ ക്വാർട്ടേഴ്സുകളിൽ കുടിവെള്ളവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ഈ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള കാലതാമസമെന്തെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അതിവര്‍ഷവും കീടബാധയും കാരണമുള്ള നെല്‍കൃഷി നാശത്തിന് പ്രത്യേക ധനസഹായം</u>

2944 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ പൊതുവിലും തളിപ്പറമ്പ് താലൂക്കിലെ ആന്തൂര്‍, കുറുമാത്തൂര്‍, പരിയാരം, തളിപ്പറമ്പ്, പട്ടുവം എന്നീ കൃഷിഭവനു കീഴില്‍ വിശേഷിച്ച് അതിവര്‍ഷവും കീടബാധയുംമൂലമുണ്ടായിട്ടുള്ള നെല്‍കൃഷിനാശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) 65ഓളം പാടശേഖര സമിതികളിലെ എഴുപത്തിയഞ്ച് ശതമാനം നെല്‍കൃഷിയും നശിച്ചതുമൂലമുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) ദീര്‍ഘകാലമായി തരിശിട്ട ഭൂമിയുള്‍പ്പെടെ കൃഷിയോഗ്യമാക്കിയ കൃഷിക്കാര്‍ക്കുണ്ടായിട്ടുള്ള ഈ നാശനഷ്ടത്തിന് എന്ത് പരിഹാരമാണ് നല്കിയിട്ടുള്ളത്;

(ഡി) ഈ മേഖലയിലെ നെല്‍കൃഷി പൂര്‍ണ്ണമായും ഇല്ലാതാവുന്നത് കണക്കിലെടുത്ത് ഈ മേഖലയിലെ നെല്‍കൃഷിയെ ദുരിതബാധിത കൃഷിയായി പ്രഖ്യാപിച്ച് കര്‍ഷകര്‍ക്ക് നഷ്ടപരിഹാരം നല്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക കടങ്ങള്‍ എഴുതിത്തള്ളാന്‍ നടപടി</u>

2945

ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലയില്‍ പ്രവര്‍ത്തിക്കുന്ന ജപ്തി വിരുദ്ധ സമിതിയുടെ പ്രവര്‍ത്തനങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വി.എഫ്.പി.സി.കെ. യുടെ കീഴിലുള്ള കര്‍ഷകരുടെ കടങ്ങള്‍ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ടുകൊണ്ട് വയനാട് ജപ്തി വിരുദ്ധ സമിതി നിവേദനം സമര്‍പ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കര്‍ഷകര്‍ക്ക് അനുകൂലമായ നിലപാടെടുക്കുന്നതിനും മുഴുവന്‍ കാര്‍ഷിക കടങ്ങള്‍ എഴുതിത്തള്ളുന്നതിനും ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കൽ

2946 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ 75 ഏക്കർ വിസ്തൃതിയുള്ള കുനിയിൽ താഴെ പാടശേഖരത്തിൽ ഒരു കൂട്ടുകൃഷി സംരംഭം ആരംഭിക്കുന്നതിന് പശ്ചാത്തല വികസനം, മേൽത്തരം വിത്ത് ലഭ്യമാക്കൽ, വിളപരിപാലന സഹായങ്ങൾ, യന്ത്രവൽക്കരണം, തൊഴിലുറപ്പ് പദ്ധതി സഹായം എന്നിവ ഉൾപ്പെടുത്തി ഒരു മാതൃകാ പദ്ധതി തയ്യാറാകാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷി</u>

2947 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിക്കാര്‍ക്കായി ബഡ്ജറ്റില്‍ പ്രഖ്യാപിച്ച പാക്കേജിന്റെ ഭാഗമായുള്ള സാമ്പത്തിക സഹായം നല്‍കിയിട്ടുണ്ടോ;

(ബി) കര്‍ഷകരില്‍ നിന്നും അപേക്ഷ വാങ്ങിയിട്ട് എത്ര മാസമായി; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) മേല്‍ സാമ്പത്തിക സഹായം ഇനിയും നല്‍കാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്</u>

2948 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് തുടങ്ങുവാനുള്ള കാലതാമസമെന്താണെന്നറിയിക്കാമോ;

(ബി) ഓഫീസ് അനുവദിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

നാട്ടിക നിയോജകമണ്ഡലത്തിൽ 'വാട്ടർ ഷെഡ് പദ്ധതി'

2949 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

നാട്ടിക നിയോജകമണ്ഡലത്തിൽ 'വാട്ടർഷെഡ് പദ്ധതി' ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നതെന്നും അതിലേക്ക് അനുവദിച്ച തുകയും മറ്റ് വിശദാംശങ്ങളും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കൃഷി അസിസ്റ്റന്റുമാരുടെ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാൻ നടപടി

2950 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് തസ്തിക അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ എന്ന് പുനർനാമകരണം ചെയ്തുകൊണ്ടുള്ള ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി നിലവിൽ കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ അപാകതകൾ ഉണ്ടെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ</u>

2951 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്;

(ബി) ഒഴിവുകൾ നികത്തുന്നതിന് തടസ്സം എന്തെങ്കിലുമുണ്ടോ;

(സി) കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്താത്തതുമൂലം നെല്ലുസംഭരണത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കൃഷിവകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ</u>

2952 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ ഏതൊക്കെ തസ്തികകളിൽ ജീവനക്കാരുടെ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കന്നുകാലി വികസനം</u>

2953 ശ്രീ. രാജു എബ്രഹാം
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സി. കൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്നുകാലി വികസനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന് ആവശ്യമായ പാലിന് അനുസൃതമായ ഉല്പാദനലക്ഷ്യവും പരിപാടിയും ഉണ്ടോ ; ഉല്പാദനവും ആവശ്യവും തമ്മിലുള്ള അന്തരം വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>വെച്ചൂര്‍ പശുക്കളുടെ സംരക്ഷണം</u>

2954 ശ്രീ. വി.എസ്. സുനില്‍കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്യം നിന്നു കൊണ്ടിരിക്കുന്ന വെച്ചൂര്‍ പശുക്കളുടെ സംരക്ഷണത്തിനും, വംശവര്‍ദ്ധനവിനും ഏതെങ്കിലും പ്രത്യേക പദ്ധതികള്‍ നടപ്പിലാക്കുന്നുണ്ടോ ;

(ബി) കന്നുകാലികര്‍ഷകര്‍ക്ക് പ്രസ്തുത ഇനത്തില്‍പ്പെട്ട പശുക്കളെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഇറച്ചിക്കോഴി ഉല്പാദനവും ഉപഭോഗവും

2955 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴി ഉല്പാദനത്തെയും ഉപഭോഗത്തെയുംകുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) പ്രതിവർഷം എത്രമാത്രം ഇറച്ചിക്കോഴിയാണ് ഭക്ഷ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നത്;

(സി) ഇതിൽ സംസ്ഥാനത്തിന്റെ ഉല്പാദനം എത്രയാണ്;

(ഡി) സംസ്ഥാനത്ത് ആവശ്യമുള്ള ഇറച്ചിക്കോഴിയുടെയും കോഴിമുട്ടയുടെയും ഉല്പാദനത്തിൽ ഓരോ വർഷവും വർദ്ധന ഉണ്ടാകുന്നുണ്ടോ;

(ഇ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഇറച്ചിക്കോഴിയിൽ മാരകമായ രാസവസ്തുക്കളും ഹോർമോണും ഉപയോഗിക്കുന്നതായുള്ള ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ആവശ്യമുള്ള ഇറച്ചിക്കോഴി സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; ഇറച്ചിക്കോഴി ഉല്പാദനം പ്രോത്സാഹിപ്പിക്കുവാൻ ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാലിത്തീറ്റ നിര്‍മ്മാണം</u>

2956 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലിത്തീറ്റ നിര്‍മ്മാതാക്കള്‍ ക്ഷീരകര്‍ഷകരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാന്‍ എന്തൊക്കെ നടപടികളാണ് സര്‍ക്കാര്‍ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഉത്പാദന ചെലവ് നിയന്ത്രിച്ച് പാലിന് നല്ല വിപണി വില ലഭിക്കാനുള്ള എന്തെങ്കിലും പുതിയ പദ്ധതി സര്‍ക്കാര്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>വെറ്ററിനറി കോഴ്സും വാർഷിക ഫീസും</u>

2957 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി കോഴ്സിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വാർഷിക ഫീസ് ഇപ്പോൾ എത്ര രൂപയാണ് എന്നും നേരത്തേ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഭീമമായ ഫീസ് വർദ്ധന പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എൻ. ആർ. ഐ. സീറ്റ് വെറ്ററിനറി സർവ്വകലാശാലയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വെറ്ററിനറി വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് അലവൻസ് നിലവിൽ എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

2958 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുള്ള ആടുകളുടെ എണ്ണം എത്ര; ഇത് എത്രത്തോളം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്;

(ഡി) ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഏതെല്ലാം വകുപ്പുകളുടെ കൂട്ടായ സംരംഭമാണ് ഇപ്പോൾ നടന്നുവരുന്നത് എന്ന് വിശദമാക്കുമോ;

(ഇ) ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>മലബാറി ആടുകളുടെ വ്യാപനം</u>

2959 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കേരളത്തിന്റെ തനത് ഇനമായ മലബാറി ആടുകളുടെ വ്യാപനത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ഡി) കയ്പമംഗലം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഏലത്തൂരിലെ മൃഗാശുപത്രികൾ</u>

2960 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടം ഉള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) സ്വന്തമായി കെട്ടിടം ഇല്ലാത്ത മൃഗാശുപത്രിയ്ക്ക് കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഫീല്‍ഡ് ഓഫീസര്‍ പ്രമോഷന്‍

2961 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മൃഗസംരക്ഷണ വകുപ്പില്‍ 2011 എപ്രിലില്‍ അസിസ്റ്റന്റ് ഫീല്‍ഡ് ഓഫീസര്‍മാര്‍ക്ക് ലഭിക്കേണ്ട ഫീല്‍ഡ് ഓഫീസര്‍ തസ്തികയിലേക്കുള്ള പ്രമോഷന്‍ ഇതേവരെ നല്‍കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തസ്തികയലേക്കു പ്രമോഷന്‍ നല്‍കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും കോടതി വിധിനിലവിലുണ്ടോ ; എങ്കില്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

2962 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ ബഹു. കേരളാ ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും വിധിന്യായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) മൃഗസംരക്ഷണ വകുപ്പിൽ ഒഴിവുള്ള 23 ഫീൽഡ് ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കെ. എൽ. ഡി. ബോർഡിലെ നിയമനങ്ങൾ</u>

2963 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ ഏതൊക്കെ തസ്തികകളിലാണ് താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) റിട്ടയർ ചെയ്തവരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുകവഴി തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താൽക്കാലിക നിയമനത്തിന് പകരം സ്ഥിരനിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കേരള ലൈവ് സ്റ്റേറ്റ് ഡവലപ്മെന്റ് ബോർഡിന്റെ അഴിമതി

2964 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ മാനേജിംഗ് ഡയറക്ടർക്കെതിരെയുള്ള അഴിമതി സംബന്ധിച്ച് പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടുകളിൻമേൽ അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൻമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ആർ.എ.ഐ.സി. സെന്റർ വക ഭൂമിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>

2965 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന ആർ.എ.ഐ.സി. സെന്റർ വക ഭൂമിയിൽ നിന്നും ഒരു വ്യക്തിക്ക് തെരുവ് നായ്ക്കളെ സംരക്ഷിക്കുന്നതിലേക്ക് ഭൂമി അനുവദിച്ച് നൽകുവാനും, പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിച്ചു നൽകുവാനും ഗവൺമെന്റ് നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ ഏതൊക്കെ സ്ഥാപനങ്ങളാണ് അവിടെ പ്രവർത്തിക്കുന്നത്; മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെ വിൽപ്പനശാല അവിടെ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആർ.എ.ഐ.സി വക ഭൂമിയിൽ നിലവിൽ എതൊക്കെ കെട്ടിടങ്ങളാണ് നിലനിൽക്കുന്നത്; അവ എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്;

(ഡി) പുതുതായി ഏതെങ്കിലും കെട്ടിടം നിർമ്മിക്കുന്നുവോ; എങ്കിൽ ഏതെന്നും, എത്ര ലക്ഷം രൂപയാണ് അടങ്കൽ തുകയെന്നും, പ്രസ്തുത കെട്ടിടം എന്ത് ആവശ്യത്തിന് നിർമ്മിക്കുന്നുവെന്നും അറിയിക്കുമോ ;

(ഇ) പ്രസ്തുത ഭൂമിയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും, പുതുതായി നിർമ്മിക്കുന്ന കെട്ടിടം ഉൾപ്പെടെ വരുമ്പോൾ തെരുവുനായ സംരക്ഷണ കേന്ദ്രം കൂടി പ്രവർത്തിക്കുവാൻ സാങ്കേതികമായി സൗകര്യമുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരം വെളിവാക്കുമോ ;

# കേരള നിയമസഭ

## 12.10.2011-ലെ മറുപടിക്ക്

(എഫ്) നായ വളർത്തൽ സംരക്ഷണ കേന്ദ്രത്തിന് ഭൂമി അളക്കുവാൻ റവന്യൂ അധികാരികൾ വന്നപ്പോൾ ജനപ്രതിനിധികളും, പൊതുജനങ്ങളും, ജീവനക്കാരുടെ സംഘടനകളും, ത്രിതല പഞ്ചായത്ത് ഭാരവാഹികളും കൂടി അത് തടസ്സപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രസ്തുത സ്ഥലത്ത് ഈ കേന്ദ്രം ആരംഭിക്കരുതെന്നും മറ്റൊരു സ്ഥലത്ത് ഭൂമി കണ്ടെത്തണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ അന്വേഷണം നടത്തിയോ എന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത നടപടിയിൽ നിന്നും പിന്മാറുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിന്റെ പേര് മാറ്റൽ

2966 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ പേര് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതു പേരിലാണ് ഈ വകുപ്പ് അറിയപ്പെടുവാൻ പോകുന്നുതെന്ന് വ്യക്തമാക്കുമോ ;

(സി) വകുപ്പിന്റെ പേരു മാറ്റുമ്പോൾ അതിന് അനുസൃതമായി വകുപ്പിലെ വിവിധ തസ്തികകളുടെ പേരുകൂടി മാറ്റാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഗവൺമെന്റ് പ്രസ്സുകളുടെ പ്രവർത്തനം</u>

2967 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ഗവൺമെന്റ് പ്രസ്സുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഗവൺമെന്റ് പ്രസ്സുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവത്ക്കരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പുതിയ പ്രസ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 3.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.